# Malayala Manorama
# 28 August 2018
# Thrissur, After Flood, Flood Victim

## 4 മണിക്കൂർ റെയ്ഡ്; തങ്കമണിക്ക് റേഷൻ കാർഡ് കിട്ടി

തൃശൂർ ● വെള്ളപ്പൊക്കത്തിൽ ചെളിനിറഞ്ഞ വീടുകൾ വൃത്തിയാക്കാൻ വിയ്യൂർ മണലാറുകാവ് ദേശത്തെത്തിയ ക്രൈം ബ്രാഞ്ച് പൊലീസ് സംഘത്തോടു തങ്കമണി ചോദിച്ചു, 'എന്റെ വീടുവരെ ഒന്നു വരാമോ? വെള്ളപ്പൊക്കത്തിൽ വീടു പൊളിഞ്ഞപ്പോൾ റേഷൻ കാർഡ് ഉള്ളിൽപ്പെട്ടു പോയി. അതൊന്നു തിരഞ്ഞുപിടിച്ചു തരാമോ?' ആ ചോദ്യത്തിനുള്ളിലെ ദൈന്യത പൊലീസ് സംഘത്തിന്റെ ഉള്ളുലച്ചു. ഇഷ്ടികക്കൂമ്പാരമായി മാറിയ വീടിനുള്ളിൽ 50 പൊലീസുകാരടങ്ങുന്ന സംഘം നാലു മണിക്കൂറോളം തിരഞ്ഞു റേഷൻ കാർഡും സർട്ടിഫിക്കറ്റുകളും കണ്ടെടുത്തു.

പാണ്ടിക്കാവ് കീഴിൽ തങ്കമണിയും (75) രണ്ടു മക്കളുമടങ്ങുന്ന കുടുംബം താമസിച്ച ഓടിട്ട വീട് വെള്ളപ്പൊക്കത്തിൽ നിലംപതിച്ചിരുന്നു. ക്രൈം ബ്രാഞ്ച് എസിപി ബാബു കെ.തോമസിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം ഈ മേഖലയിൽ ശുചീകരണത്തിന് എത്തിയതറിഞ്ഞ തങ്കമണി കണ്ണുനീരോടെ സഹായം തേടി. പൊലീസ് സംഘം തങ്കമണിയുടെ വീട്ടിലെത്തിയപ്പോഴാണ് വീടു പൂർണമായി തകർന്നു കിടക്കുകയാണെന്നു മനസിലായത്. ഉടൻ തന്നെ പൊലീസ് പണിതുടങ്ങി. അലമാര കണ്ടെത്തി പരിശോധിച്ചെങ്കിലും സർട്ടിഫിക്കറ്റ് കണ്ടെത്താനായില്ല.

മേശമേൽ കാർഡ് വച്ചിട്ടുണ്ടെന്നു തങ്കമണി ഓർത്തെടുത്തപ്പോൾ മേശ കണ്ടെത്താനായി ശ്രമം. ഭിത്തി ഇടിഞ്ഞുവീണു മേശ മണ്ണിനടിയിലായിരുന്നു.

ഒരുവിധം മേശ കണ്ടെത്തി റേഷൻ കാർഡും പാചകവാതക സിലിണ്ടർ പാസ്ബുക്ക്, സർട്ടിഫിക്കറ്റുകൾ എന്നിവ സുരക്ഷിതമായി കൈമാറുമ്പോൾ തങ്കമണിയുടെ മനം നിറഞ്ഞു; പൊലീസിന്റെയും.